എല്ലാ പഞ്ചായത്തുകളിലും ആയുർവ്വേദ ഹോമിയോ ആശുപത്രികൾ

11 (*791) ശ്രീ. വർക്കല ഗഹാർ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ആയുർവ്വേദ, ഹോമിയോ ആശുപത്രികൾ തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ആരുടെയെല്ലാം സഹകരണമാണ് ഇതിനുവേണ്ടി പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) പരിഗണനയിലുണ്ട്. സംസ്ഥാനത്ത് പുതിയ ഹോമിയോ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിലേയ്ക്ക് ഒരുകോടി രൂപയും പുതിയ ആയുർവ്വേദ ഡിസ്പെൻസറികൾ ആരംഭിക്കുന്നതിലേയ്ക്ക് 70 ലക്ഷം രൂപയും 2014-15 വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) ആയുർവ്വേദ- ഹോമിയോ ചികിത്സാ സൗകര്യങ്ങൾ ലഭ്യമല്ലാത്ത പഞ്ചായത്തുകളിൽ അധിവസിക്കുന്ന എല്ലാ ജനവിഭാഗങ്ങൾക്കും പ്രസ്തുത സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. സാംക്രമിക രോഗ പ്രതിരോധത്തിന് ഹോമിയോപ്പതിയുടെ തനത് പ്രതിരോധ മരുന്നുകളും ചികിത്സയും നൽകുക, സ്ത്രീകളുടെ സാന്ത്വന ചികിത്സ (സീതാലയം), കുട്ടികളുടെ ആരോഗ്യ/സാന്ത്വന ചികിത്സ (കൗമാര ആരോഗ്യ പരിചരണം), അമ്മയുടെയും കുഞ്ഞിന്റെയും ആരോഗ്യ പരിപാലനം, വയോജന പരിപാലനം, സ്പെഷ്യാലിറ്റി കെയർ സെന്ററുകളുടെ സേവനം, ജീവിതശൈലീ രോഗ ചികിത്സയും പ്രതിരോധത്തിനുമായി ആയുർവ്വേദം,

LIBRARY ARCHIVES Kerala Legislative Assembly

ഹോമിയോ, പ്രകൃതി ജീവനം, യോഗ എന്നി ചികിത്സാ സമ്പ്രദായങ്ങളെ സമന്വയിപ്പിച്ചുകൊണ്ടുള്ള ആയുഷ് ഹോളിസ്റ്റിക് സെന്ററുകൾ തുടങ്ങിയ വിവിധ പദ്ധതികൾ ഹോമിയോ ആശുപത്രികളിലൂടെയും ഡിസ്പെൻസറികളിലൂടെയും ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ആയുർവ്വേദ, ഹോമിയോപ്പതി വകുപ്പുകളുടെയും അനുബന്ധ പ്രദേശവാസികളുടെ സന്നദ്ധ സംഘടനകളുടെയും ജനപ്രതിനിധികളുടെയും സഹകരണം ഇതിനുവേണ്ടി പ്രയോജനപ്പെടുത്തുന്നതാണ്.

(ഡി) സംസ്ഥാനത്ത് പുതിയതായി 25 ആയുർവ്വേദ ഡിസ്പെൻസറികളും 50 ഹോമിയോ ഡിസ്പെൻസറികളും തുടങ്ങുന്നതിലേയ്ക്ക് ആയുർവ്വേദ, ഹോമിയോപ്പതി വകുപ്പ് ഡയറക്ടർമാർ ലഭ്യമാക്കിയ പ്രൊപ്പോസലുകളിന്മേൽ തുടർനടപടി സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കുറഞ്ഞ നിരക്കിലുള്ള കൂലി ലഭിക്കുന്ന തൊഴിലാളികൾ

12 (*792) ശ്രീ. കെ. അച്യുതൻ :

ശ്രീ. എം. എ. വാഹീദ് :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) കുറഞ്ഞകൂലി ലഭിക്കുന്ന തൊഴിലാളികൾക്ക് സ്വന്തമായ വാസസ്ഥലം നൽകുന്നതിന് മിതമായ നിരക്കിൽ ഫ്ലാറ്റ് നിർമ്മിച്ച് നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(സി) ഭവന നിർമ്മാണ ചെലവ് കുതിച്ചുയരുന്ന സാഹചര്യത്തിൽ പ്രസ്തുത പദ്ധതി തൊഴിലാളികൾക്ക് എത്രമാത്രം സഹായകരമാകും എന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly